താൽക്കാലിക മീൻഷെഡുകൾ സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്നതിനുള്ള നടപടികൾ

159 (3669) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി വാണിജ്യ തുറമുഖപ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻഷെഡ്ഡുകൾ ഫിഷിംഗ് ഹാർബറിലേക്ക് സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര ഷെഡ്ഡുകളാണ് ഇങ്ങനെ മാറ്റിസ്ഥാപിക്കേണ്ടി വരുന്നത്. വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും; ഏതെല്ലാം സ്കീമിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊന്നാനി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻഷെഡുകൾ മാറ്റി ഹാർബറിൽ സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്നതിനായി ഹാർബറിൽ നിലവിലുള്ള ഫിഷ് സ്റ്റോറേജ് ഷെഡ്ഡ് 18 മുറികളായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിക്കായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയതായി 60 ഷെഡുകൾ പണിയുന്നതിനുള്ള ഭരണാനുമതി ലഭിച്ചതനുസരിച്ച് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 78 ഷെഡ്ഡുകളുടെ പണി പൂർത്തീകരിക്കുന്നതോടുകൂടി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻ ഷെഡ്ഡുകൾ ഹാർബറിലെ സ്ഥിരം ഷെഡ്ഡുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

(ബി) അനധികൃതമായി പ്രവർത്തിച്ചുവരുന്ന 78 ചാപ്പകളാണ് മാറ്റി സ്ഥാപിക്കേണ്ടി വരുന്നത്.

(സി) നിലവിലെ ഫിഷ് സ്റ്റോറേജ് ഷെഡ്ഡ് പാർട്ടീഷൻ ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് എന്ന തലവരിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 60 മുറികൾ പണിയുന്നതിനായി ഫിഷറീസ് വകുപ്പിൽനിന്നും 313 ലക്ഷം രൂപയുടെ ഭരണാനുമതി 2405-00-103-80(P) (Basic infrastructure facilities and Human Development of fisher folk) നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly